# പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

24.06.2013 ന് മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3328

## കടുവാ സങ്കേതങ്ങളിലെ ഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.സെൽവരാജ് | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) വന്യജീവി സംരക്ഷണനിയമം 1972-ന്റെ ഭേദഗതി നിയമം 2006 പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം കടുവാ സങ്കേതങ്ങളിലാണ് പ്രവേശനത്തിന് ഫീസ് ചുമത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫീസ് അതാത് കടുവാസംരക്ഷണ ഫൗണ്ടേഷനിലേക്കാണോ എത്തിച്ചേരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) വന്യജീവി സംരക്ഷണ നിയമം 1972-ന്റെ ഭേദഗതി നിയമം 2006 പ്രകാരം സംസ്ഥാനത്തെ കടുവാ സങ്കേതങ്ങളിൽ പ്രവേശന ഫീസൊന്നും ചുമത്തിയിട്ടില്ല. അതിനു മുമ്പെയുള്ള ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ പെരിയാർ, പറമ്പിക്കുളം കടുവാ സങ്കേതങ്ങളിൽ പ്രവേശനത്തിന് ഫീസ് ആയി ചുമത്തുന്നത് സ്വദേശികളിൽ നിന്നും 15 രൂപയും, വിദേശീയരിൽ നിന്ന് 200 രൂപയും, 12 വയസ്സിനു താഴെയുള്ള കുട്ടികളിൽനിന്ന് 5 രൂപയും വീതമാണ്. എന്നാൽ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ നിലവിലുള്ള തേക്കടിയിൽ വിദേശീയരിൽ നിന്നും 100 രൂപയും, സ്വദേശീയരിൽനിന്നും 10 രൂപയും സർച്ചാർജ്ജ് ഈടാക്കി ഫൗണ്ടേഷനിൽ വകയിരുത്തുന്നുണ്ട്. |
| (ബി) കടുവാ സങ്കേതത്തിലേക്ക് ചുമത്തിയിട്ടുള്ള പ്രവേശനഫീസ് ഉൾപ്പെടെയുള്ള ഇതര ഫീസുകളും സംസ്ഥാനത്ത് അതാത് കടുവാ സംരക്ഷണ ഫൗണ്ടേഷനിലേക്ക് ലഭ്യമാക്കണമെന്നുള്ള നിർദ്ദേശം നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഈ നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) നിർദ്ദേശം നിലവിലുണ്ട്. ഇതിനായി കടുവാസങ്കേതങ്ങളിൽ നിന്നും ലഭ്യമാകുന്ന വരുമാനങ്ങൾ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനിൽ വകയിരുത്തി വന്യജീവി സംരക്ഷണ നിയമപ്രകാരം അവിടെത്തന്നെ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) ഈ ഇനത്തിൽ 2008 മുതൽ നാളിതുവരെയായി എത്ര രൂപയാണ് വിവിധ കടുവാ സങ്കേതങ്ങളിൻ നിന്നും ലഭ്യമായിട്ടുള്ളതെന്ന് സങ്കേതം തിരിച്ച് വ്യക്തമാക്കുമോ ? | (സി) പെരിയാർ കടുവാ സങ്കേതത്തിൽ നിന്നും പ്രവേശന ഫീസ് ഇനത്തിൽ 18,27,00,523 രൂപയും, പറമ്പിക്കുളം കടുവാ സങ്കേതത്തിൽ 36,58,435 രൂപയും പ്രവേശന ഫീസ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.